**കേരള സർക്കാർ**

നമ്പർ.60034/ഡി.ഡി.1/2011/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡി.ഡി.) വകുപ്പ്.
തിരുവനന്തപുരം, തീയതി: 10.11.2011.

# സർക്കുലർ

വിഷയം:- തസ്വഭവ:- ഇന്ദിരാ ആവാസ് യോജന-2011-12- ലെ ഭൗതിക ലക്ഷ്യം നിശ്ചയിക്കുന്നത് സംബന്ധിച്ച്.

സൂചന :-1. സ.ഉ.(എം.എസ്.)നമ്പർ.207/2009/തസ്വഭവ: തീയതി, 7-11-09.
2. സർക്കുലർ നമ്പർ.27137/ഡി.ഡി.1/2010/ തസ്വഭവ: തീയതി, 14-05-2010.
3. സ.ഉ.(സാധാ)നമ്പർ.464/2011/തസ്വഭവ: തീയതി, 14-02-11.
4. ഗ്രാമവികസന കമ്മീഷണറുടെ 10-05-2011-ലെ 10510/ ജെ.ആർ.വൈ.1/11/സി.ആർ.ഡി. നമ്പർ അർദ്ധഔദ്യോഗിക കത്ത്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭവനരഹിതരുടെയും ഭൂരഹിത-ഭവന രഹിതരുടെയും ഒരു സമാഹൃത ലിസ്റ്റ് എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും നിലവിലുണ്ട്. ഈ ലിസ്റ്റിൽ നിന്നാണ് തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭവന പ്രോജക്റ്റുകളുടെ ഗുണഭോക്താക്കളെ മുൻഗണനാ ക്രമത്തിൽ കണ്ടെത്തുന്നത്. അനർഹരായ കുടുംബങ്ങൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കുവാനും അർഹരായ കുടുംബങ്ങൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ പരിശോധന നടത്തി കൂട്ടിച്ചേർക്കുവാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

2. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജനയുടെ (ഐ.എ.വൈ.) നടത്തിപ്പിൽ നേരിടുന്ന ഒരു പ്രധാന പ്രശ്നം ഗുണഭോക്താക്കളെ നിശ്ചയിച്ച് അറിയിക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ അകാരണമായ കാലതാമസം വരുത്തുന്നു എന്നതാണ്. ഗുണഭോക്താക്കളിൽ കുറഞ്ഞത് 60 ശതമാനമെങ്കിലും പട്ടികജാതി/പട്ടികവർഗ്ഗക്കാരായിരിക്കണം എന്ന നിബന്ധനയുണ്ടെങ്കിലും പല ജില്ലകളിലും മതിയായ പട്ടികജാതി/പട്ടികവർഗ്ഗക്കാരെ ലഭിക്കുന്നില്ല എന്ന പ്രശ്നവും പദ്ധതി നടത്തിപ്പിൽ നേരിടുന്നുണ്ട്. ഇക്കാരണങ്ങളാൽ പദ്ധതിയുടെ ഭൗതിക-സാമ്പത്തിക ലക്ഷ്യങ്ങൾ യഥാസമയം കൈവരിക്കുന്നതിൽ കാലതാമസം നേരിടുകയാണ്. ഐ.എ.വൈ. പദ്ധതിയുടെ 2011-12-ലെ ഭൗതിക ലക്ഷ്യം നിശ്ചയിക്കുന്നതിനും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും സർക്കാർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

2.1 സൂചന 1-ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം വിവിധ ഭവന പദ്ധതികൾക്ക് വേണ്ടി തയ്യാറാക്കിയതും ഇപ്പോൾ നിലവിലുള്ളതുമായ ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം എത്രയെന്ന് എല്ലാ ഗ്രാമപഞ്ചായത്തുകളും 2011 നവംബർ 30-നകം ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്റ്റ് ഡയറക്ടറെ അറിയിക്കേണ്ടതാണ്. ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗം, ആകെ എന്നിങ്ങനെ വിഭാഗം തിരിച്ചും ഇതിൽ ന്യൂനപക്ഷ വിഭാഗക്കാർ എത്രയുണ്ടെന്ന് പ്രത്യേകമായും രേഖപ്പെടുത്തി വേണം വിവരങ്ങൾ നൽകേണ്ടത്.

2.2 പ്രോജക്റ്റ് ഡയറക്ടർമാർ ഈ കണക്കുകൾ ക്രോഡീകരിക്കേണ്ടതും ഗ്രാമ വികസന കമ്മീഷണർ ഇതിനകം അറിയിച്ചിട്ടുള്ള ജില്ലയുടെ ഭൗതിക ലക്ഷ്യത്തെ അടിസ്ഥാനമാക്കി ഓരോ ഗ്രാമപഞ്ചായത്തിന്റെയും ഭൗതികലക്ഷ്യം എത്രയെന്ന് താഴെപ്പറയുന്ന രീതിയിൽ നിശ്ചയിക്കേണ്ടതുമാണ്.

(i). ഓരോ ഗ്രാമപഞ്ചായത്തിലും നിലവിലുള്ള ഗുണഭോക്തൃ ലിസ്റ്റിലെ അവശേഷിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗക്കാരെ പൂർണ്ണമായി ആദ്യം ഉൾപ്പെടുത്തണം.

(ii). ഇപ്രകാരം ഓരോ ഗ്രാമപഞ്ചായത്തിലെയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഭൗതിക ലക്ഷ്യം നിശ്ചയിച്ചു കഴിഞ്ഞാൽ ജില്ലയിലെ മൊത്തം ഭൗതിക ലക്ഷ്യത്തിൽ അവശേഷിക്കുന്ന സംഖ്യ പൊതു വിഭാഗത്തിലെ ജില്ലയുടെ ഭൗതിക ലക്ഷ്യമായി നിശ്ചയിക്കുകയും ഓരോ ഗ്രാമപഞ്ചായത്തിലെയും അവശേഷിക്കുന്ന പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് ആനുപാതികമായി അതത് ഗ്രാമപഞ്ചായത്തുകളുടെ ഭൗതിക ലക്ഷ്യം നിശ്ചയിക്കേണ്ടതുമാണ്.

(iii). മേൽപ്പറഞ്ഞ പ്രകാരം ഭൗതിക ലക്ഷ്യം നിശ്ചയിക്കുമ്പോൾ ജില്ലയുടെ ആകെ ഭൗതിക ലക്ഷ്യത്തിന്റെ 15 ശതമാനം ന്യൂനപക്ഷവിഭാഗങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

(iv). ഈ പ്രക്രിയ ഡിസംബർ 10-നകം പൂർത്തിയാക്കി ഭൗതിക ലക്ഷ്യത്തെ സംബന്ധിക്കുന്ന കണക്കുകൾ ഗ്രാമപഞ്ചായത്തുകളെ അറിയിക്കണം.

2.3 പ്രോജക്റ്റ് ഡയറക്ടർ നിശ്ചയിച്ച് അറിയിക്കുന്ന ഭൗതിക ലക്ഷ്യത്തിന് അനുസൃതമായി ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഐ.എ.വൈ. പദ്ധതിയിൽപ്പെടുത്തുന്ന ഗുണഭോക്താക്കളെ മുൻഗണനാക്രമത്തിൽ നിശ്ചയിക്കണം. ഇപ്രകാരം ഐ.എ.വൈ. പദ്ധതിയിലെ ഗുണഭോക്താക്കളെ നിശ്ചയിച്ചതിനു ശേഷം അവശേഷിക്കുന്ന ഗുണഭോക്താക്കളെ ആയിരിക്കണം ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുന്ന മറ്റ് ഭവന പ്രോജക്റ്റുകളുടെ ഗുണഭോക്താക്കളായി മുൻഗണനാ ക്രമത്തിൽ നിശ്ചയിക്കേണ്ടത്.

2.4 ഐ.എ.വൈ. പദ്ധതിയിൽ മാതൃകുടുംബത്തിൽ അംഗമായ മകനോ മകളോ വിവാഹം കഴിച്ച് പ്രത്യേക കുടുംബമാകുന്ന അവസരത്തിൽ റേഷൻ കാർഡ് എടുത്തിട്ടില്ലെങ്കിലും പ്രത്യേക കുടുംബമായി കണക്കാക്കി വീട് അനുവദിക്കേണ്ടതാണ്. ഇങ്ങനെയുള്ള കുടുംബങ്ങൾ കൂടി ഉൾപ്പെട്ട മുൻഗണനാ ലിസ്റ്റ് ഗ്രാമസഭയിൽ വച്ചു അംഗീകരിച്ചാൽ മതിയാകും

2.5 ഗ്രാമ പഞ്ചായത്തുകൾ ഐ.എ.വൈ. പദ്ധതിയിൽപ്പെടുത്തുന്ന ഗുണഭോക്താക്കളുടെ പട്ടിക ഡിസംബർ 20-നകം ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ്.

ജെയിംസ് വർഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്മാർക്കും സെക്രട്ടറിമാർക്കും.
4. എല്ലാ ജില്ലാ കളക്ടർമാർ/ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും.
5. ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ.
6. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്മാർക്കും സെക്രട്ടറിമാർക്കും.
   (ഗ്രാമവികസന കമ്മീഷണർ മുഖേന)

7. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്മാർക്കും സെക്രട്ടറിമാർക്കും.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര.
9. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
10. എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്റ്റ് ഡയറക്ടർമാർക്കും.
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
12. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
13. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും.
(ഗ്രാമവികസന കമ്മീഷണർ മുഖേന)
14. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
15. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.6
16. ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ.
17. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ.
18. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്മാരുടെ ചേമ്പർ.
19. അക്കൗണ്ടന്റ് ജനറൽ(എ. & ഇ.) ലോക്കൽ അഡ്മിനിസ്ട്രേഷൻ.
20. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:-

1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്.
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്.
4. തദ്ദേശസ്വയംഭരണ ഡി.എ./ഡി.ബി./ഡി.സി./എഫ്.എം. സെക്ഷനുകൾക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.